പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 7986 16.07.2014 ലെ മറുപടിയ്ക്ക്

കെ. എസ്. എഫ്. ഇ. യിലെ ഒഴിവുള്ള തസ്തികകളിലെ നിയമനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. എം. ഷാജി : | | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും<br>ഭവനനിർമ്മാണവും വകുപ്പുമന്ത്രി) | |
| (എ) | കെ.എസ്.എഫ്.ഇ യി ലെ ഓഫീസ് അറ്റൻഡന്റുമാരുടെ പ്രമോഷൻ അനുപാതം 5% ത്തിൽ നിന്നും 10% ആയി ഉയർത്തിയ സർക്കാർ ഉത്തരവ് നടപ്പിലാക്കുന്നതിലുള്ള സാങ്കേതിക ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുപരിഹരിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | കെ.എസ്.എഫ്.ഇ.-ലെ ഓഫീസ് അറ്റൻഡന്റുമാരുടെ പ്രമോഷൻ അനുപാതം അഞ്ച് ശതമാനത്തിൽനിന്നും പത്ത് ശതമാനമായി ഉയർത്തിയത്, അധിക വിദ്യാഭ്യാസ യോഗ്യത സംബന്ധിച്ച് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള സ്പെഷ്യൽ റൂൾ ഭേദഗതിക്ക് വിധേയമായിട്ടാണ്. എന്നാൽ അധിക യോഗ്യത ഉൾപ്പെടുത്തി സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ലാത്തതിനാൽ ഈ ഉത്തരവ് പ്രാബല്യത്തിൽ വന്നിട്ടില്ല.<br><br>ഓഫീസ് അറ്റൻഡന്റുമാരുടെ പ്രമോഷൻ അനുപാതം 5 % ത്തിൽ നിന്നും 10 % ആയി ഉയർത്തിക്കൊണ്ടുള്ള ഉത്തരവിന്റെ ആനുകൂല്യം നിലവിലുള്ള റാങ്കുലിസ്റ്റിൽപ്പെട്ടവർക്കുകൂടി ബാധകമാക്കുന്ന വിഷയം കേരള പബ്ലിക് സർവ്വീസ് കമ്മീഷനുമായി ബന്ധപ്പെട്ട് പരിശോധിച്ചുവരുന്നു. |
| (ബി) | 2013 ജനുവരി മാസം മുതൽ 2014 മെയ് മാസം വരെയുള്ള ബിസിനസ്സ് റിവ്യൂ അനുസരിച്ച് ഈ കാലയളവിൽ തുടങ്ങിയ പുതിയ ബ്രാഞ്ച് ഓഫീസുകളിലും അസിസ്റ്റന്റുമാരുടെ അസിസ്റ്റന്റ് മാനേജർ പ്രമോഷൻ | (ബി) | കെ.എസ്.എഫ്.ഇ യിലെ അസിസ്റ്റന്റ് തസ്തികയിൽ ആവശ്യമുള്ളവരുടെ എണ്ണം പുനരവലോകനം ചെയ്യുന്നത് വർഷത്തിൽ രണ്ടുതവണയാണ്. (മാർച്ച് 31 & സെപ്റ്റംബർ 30). 2014 മാർച്ച് മാസത്തെ ബിസിനസ്സ് റിവ്യൂ അനുസരിച്ച് |

| | | | |
|---|---|---|---|
| | വഴിയും, ഇക്കാലയളവിലെ ഉദ്യോഗസ്ഥരുടെ വിരമിക്കൽ വഴിയും എത്ര ജൂനിയർ അസിസ്റ്റന്റുമാരുടെ ഒഴിവുകൾ ഉണ്ടായിട്ടുണ്ട്; ഇവ തരംതിരിച്ച് വ്യക്തമാക്കാമോ; ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | | കെ.എസ്.എഫ്.ഇ. -യിൽ 953 ജൂനിയർ അസിസ്റ്റന്റുമാരുടെ ഒഴിവുകളുണ്ട്. ഈ ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിൽ 125 ഒഴിവുകൾ പ്രമോഷൻ വഴിയും 113 ഒഴിവുകൾ വിരമിക്കൽ വഴിയും ഉണ്ടായതാണ്. |
| (സി) | 2014 ഡിസംബർ വരെ ഉണ്ടാകാനിടയുള്ള എല്ലാത്തരം ഒഴിവുകളും പി.എസ്.സി.യെ അറിയിക്കണമെന്ന് സർക്കാർ ഉത്തരവ് (10885ഉപ.സി.3/13/ഉ.ഭ.പ.വ) അനുസരിച്ച് ഈ കാലയളവിനുള്ളിൽ ഉണ്ടാകാനിടയുള്ള മുഴുവൻ ഒഴിവുകളും പി.എസ്.സി.യെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; | (സി) | ഉണ്ട്. 01.04.2014 മുതൽ 31.12.2014 വരെയുള്ള കാലയളവിലെ പ്രതീക്ഷിത ഒഴിവുകൾ 65 എണ്ണം പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ഡി) | കെ.എസ്.എഫ്.ഇ. യിലെ ഓഫീസ് അസിസ്റ്റന്റുമാരുടെ പ്രമോഷന് അധികയോഗ്യതയായി പറഞ്ഞിട്ടുള്ള കമ്പ്യൂട്ടർ യോഗ്യത ഒഴിവാക്കണമെന്ന് കെ.എസ്.എഫ്.ഇ. ഡയറക്ടർ ബോർഡ് 2014 മെയ് മാസത്തിൽ പാസ്സാക്കിയ പ്രമേയം സർക്കാർ അംഗീകരിച്ച് 10 % പ്രമോഷൻ ജി.ഒ. (എം.എസ്.) 162/13 /റ്റി.ഡി (തിയ്യതി 24.09.2013) എന്ന ഉത്തരവ് ഇറങ്ങിയതുമുതൽ അതിനു പ്രാബല്യം നൽകി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; | (ഡി) | ഓഫീസ് അറ്റൻഡന്റുമാരുടെ പ്രമോഷൻ അനുപാതം 5 % ത്തിൽ നിന്നും 10 % ആയി ഉയർത്തിക്കൊണ്ടുള്ള ഉത്തരവിന്റെ ആനുകൂല്യം നിലവിലുള്ള റാങ്കുലിസ്റ്റിൽപ്പെട്ടവർക്കുകൂടി ബാധകമാക്കുന്ന വിഷയം കേരള പബ്ലിക് സർവ്വീസ് കമ്മീഷനുമായി ബന്ധപ്പെട്ട് പരിശോധിച്ചുവരുന്നു. |

(ഇ) 2015 മാർച്ച് മാസം വരെ കെ.എസ്.എഫ്.ഇ യിൽ ജൂനിയർ അസിസ്റ്റന്റുമാരുടെ എത്ര പ്രതീക്ഷിത ഒഴിവുകൾ ഉണ്ട് ; ഇത് പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ; ഇതിലൂടെ ഉണ്ടാകാനിടയുള്ള തസ്തികമാറ്റ പ്രമോഷൻ എത്രയും വേഗം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

(ഇ) 01.01.2015 മുതൽ 31.03.2015 വരെ അസിസ്റ്റന്റ് തസ്തികയിലെ പ്രതീക്ഷിത ഒഴിവുകൾ 9 ആണ്. പ്രസ്തുത ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 31.03.2015 ലെ റിവ്യൂവിനുശേഷം ഒഴിവുകൾ തിട്ടപ്പെടുത്തി, ഓഫീസ് അറ്റൻഡന്റുമാരുടെ ജൂനിയർ അസിസ്റ്റന്റ് തസ്തികയിലേയ്ക്കുള്ള തസ്തികമാറ്റ നിയമനത്തിന് അനുവദനീയമായ നിശ്ചിത അനുപാതത്തിലുള്ള ഒഴിവുകൾ ലഭ്യമാകുന്ന മുറയ്ക്ക് പ്രമോഷൻ നൽകുന്നതാണ്.

സെക്ഷൻ ഓഫീസർ.